"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി-പട്ടം-കവടിയാർ റോഡ് വികസനത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരം കക്ഷിയായ ശ്രീ. സൈനുലാബ്ദീന് അനുവദിച്ചിരുന്ന തുക "2075-00-800-05-Deduct Amount Transferred By Debit to Various Major Heads on account of Deposit of Decretal Amount Made in Courts for Satisfaction of Court Decrees Connected with L.A. Cases in Respect of Government Departments initially Debited to 2075-800-54-L.S. Provision" എന്ന ശീർഷകത്തിൽ റീക്കുപ്പ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1030/2024/LSGD തീയതി,തിരുവനന്തപുരം, 12-06-2024

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 3761/2017/ആർ.ഡി. തീയതി 26/08/2017.
2. സ.ഉ.(സാധാ) നം.640/2024/തസ്വഭവ തീയതി 16/03/2024
3. സ.ഉ.(സാധാ) നം. 3796/2024/ധന തീയതി 03/5/2024
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 20.09.2021ലെ എസ്1/909/2021/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം-കവടിയാർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ് കോടതിയുടെ LAR 303/08 ലെ വിധിയുടെ അടിസ്ഥാനത്തിൽ പൊന്നും വില നിയമം സെക്ഷൻ 28എ പ്രകാരം ശ്രീ. സൈനുലാബ്ദീന് പരാമർശം (1) പ്രകാരം അനുവദിച്ചു നൽകിയ തുകയായ 1,35,93,110/- രൂപ റീക്കുപ്പ് ചെയ്യണമെന്ന് പരാമർശം (4) പ്രകാരം ട്രിഡ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം-കവടിയാർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ് കോടതിയുടെ LAR 303/08 ലെ വിധിയുടെ അടിസ്ഥാനത്തിൽ പൊന്നും വില നിയമം സെക്ഷൻ 28എ പ്രകാരം ശ്രീ. സൈനുലാബ്ദീന് പരാമർശം (1) പ്രകാരം അനുവദിച്ചു നൽകിയ തുകയായ 1,35,93,110/- രൂപ പരാമർശം (3) പ്രകാരം അധികധനാനുമതിയായി "4217-60-800-93 Plan" എന്ന ശീർഷകത്തിൽ അനുവദിച്ച 1,35,94,000/- രൂപയിൽ നിന്ന് "2075-00-800-05-Deduct Amount Transferred By Debit to Various Major Heads

on account of Deposit of Decretal Amount Made in Courts for Satisfaction of Court Decrees Connected with L.A. Cases in Respect of Government Departments initially Debited to 2075-800-54-L.S. Provision" എന്ന ശീർഷകത്തിൽ റീക്ലപ്പ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു. മേൽ ചെലവിന്റെ ക്രമീകരണത്തിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ടിഡ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ.), തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ.ആർ.എസ്.എ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (WCD3/26/2024/Fin dated 17/5/2024)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ&പി.ഐആർ.ഡി. (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/110/2021/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 12-06-2024 17:23:54
സെക്ഷൻ ഓഫീസർ